# മതങ്ങൾക്കപ്പുറം, രാഷ്ട്രീയങ്ങൾക്കുപരി!

[ഡോ. ജോയ് ടി. കുഞ്ഞാപ്പു, *D.Sc., Ph.D.*]

## ഓ! തെരേസാ!

വിമാനത്താവളത്തിലെ
ഇടുങ്ങിയ പുറങ്കവാടത്തിൽ
കാർഡ്ബോർഡിൽ പേരുനാട്ടി
വിശാലക്കണ്ണു പരതുമ്പോൾ
ആണിക്കാൽപോൽ എന്തിയുളുക്കി
ചുരുണ്ട മുഖത്തൊലിയുടെ നിശ്ചലതയിൽ
ഇടംവലം നോക്കി കൈവീശാതെ
ഏകലക്ഷ്യ പരമ പൂരണത്തിന്
ചേരികളിലേക്കു കണ്ണുയർത്തി
ചേരികളുടെ കുതന്ത്ര നയജ്ഞയാകാതെ
വഴികാട്ടിയ നെഞ്ചിലെ കൊന്തക്കുരിശേന്തി
നീ കടന്നു പോയി!

## ഹേ! തെരേസാ!

കല്ലുതട്ടി കാലിടറാതിരിക്കാൻ
“അയ്യോ, അമ്മേ”യെന്ന വ്യാക്ഷേപകത്തിൽ
പെറ്റമ്മയെയോർത്ത് പോറ്റമ്മയെ വിളിക്കുമ്പോൾ
ആ അമ്മയ്ക്ക് നിന്റെ മുഖമായിരുന്നു.

സമകാല രാജകുമാരിയുടെ ശവദാഹമേളയിൽ
ചെമ്പരവതാനിയിൽ കൂട്ടം കൂടിയതും,
അംബരചുംബിയുടെ ഗോപുരം നിന്നോർമ്മയിൽ
സഹസ്ര പ്രകാശപൂരം ചൊരിയാഞ്ഞതും,
വെള്ളിവെളിച്ച ബൾബുകൾ തെളിയാഞ്ഞതും,
ചെറുമനസ്സുകൾ ഇകഴ്ത്തുന്ന ഭാവഹത്യയിൽ

ചന്ദ്രകളങ്കക്കഥകൾ താളിലൂട്ടി കൺകെട്ടി
കൂട്ടയോട്ട നെട്ടോട്ട മത്സരം ഘോഷിച്ചതും.

## ഹാവൂ! തെരേസാ!

കൽക്കത്താത്തെരുവിൽ പൊഴിഞ്ഞ
കണ്ണീർ ഗദ്ഗദ തോരാമഴയിൽ
നീലവരകളിൽ ശിരസ്സു മറച്ച
വെള്ളവസ്ത്രധാരിണിയുടെ
അമേയമനുപമ പുണ്യകർമ്മം!
രോഗദു:ഖം തടുത്തൊടുക്കാൻ
ശാന്തിനിമന്ത്രണ കർമ്മജ്ഞാനയോഗം –
അനാഥത്വ നിവാരണ സാന്ദ്രമാം
അർത്ഥായുസ്സു ശേഖര വിചാര ദീപ്തി.
************************************************************************